## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1310

01.07.2015-ൽ മറുപടിയ്ക്ക്

### അങ്കമാലി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിൽ തുക അനുവദിച്ചിട്ടും ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | 1. അങ്കമാലി-മഞ്ഞപ്ര റോഡിന്റെ ശേഷിക്കുന്ന ഭാഗം ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ (ch. 6/000 to 7/800)<br>2. കാലടി -മഞ്ഞപ്ര-ചുള്ളി റോഡ് ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ (ch. 0/000 to 6/000)<br>3. 4-ാം മൈൽ എ.എ. റോഡ് (ch. 1/000 to 2/000) അഭിവൃദ്ധിപ്പെടുത്തൽ<br>4. ഭൂമി ഏറ്റെടുത്ത് വേങ്ങൂർ - നായത്തോട് റോഡ് വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തൽ. |
| (ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തിന്റെ കാരണം വിശദ മാക്കാമോ ; | (ബി) & (സി) | അനുബന്ധം-I ൽ ചേർത്തിരിക്കുന്നു. |
| (സി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നാണ് ഭരണാനുമതി നല്കിയതെന്നും ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

u3-1310
01/07/15

<u>അനുബന്ധം -I</u>

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരം |
|---|---|---|
| 1 | അങ്കമാലി-മഞ്ഞപ്ര റോഡിന്റെ ശേഷിക്കുന്ന ഭാഗം ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ (ch. 6/000 to 7/800) | 19.06.2013-ൽ ഭരണാനുമതി നൽകി. പല പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും തന്നെ ടി പ്രവൃത്തി ഏറ്റെടുക്കാൻ ഇല്ലാതിരുന്നതിനാൽ ക്വട്ടേഷനായി വർക്ക് നൽകുകയും, കരാറിൽ ഏർപ്പെടുകയും, സൈറ്റ് കൈമാറുകയും, തുടർ പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |
| 2 | കാലടി -മഞ്ഞപ്ര-ചുള്ളി റോഡ് ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ (ch. 0/000 to 6/000) | 11.02.2014-ൽ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി. പല പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടും ആരും പ്രവൃത്തി ഏറ്റെടുക്കാനില്ലാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. ലഭിച്ച ക്വട്ടേഷൻ പരിശോധിച്ച് വരുന്നു. |
| 3 | 4ാം മൈൽ എ.എ. റോഡ് (ch. 1/000 to 2/000) അഭിവൃദ്ധിപ്പെടുത്തൽ | 30.03.2013-ൽ ഭരണാനുമതി നൽകി. പല പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടും ആരും പ്രവൃത്തി ഏറ്റെടുക്കാനില്ലാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി നൽകുകയും, കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| 4 | ഭൂമി ഏറ്റെടുത്ത് വേങ്ങൂർ - നായത്തോട് റോഡ് വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തൽ. | 10.02.2010-ൽ ഭരണാനുമതി നൽകുകയും, 2014-ൽ സ്ഥലം ഏറ്റെടുപ്പ് പൂർത്തിയാക്കുകയും, സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയ്ക്കായി പുതുക്കിയ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ച് വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ